

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ).ഇ.കെ.എം (പി 11)1207/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/10/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി 11)1207/2023 തീയ്യതി: 10/10/2023

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബിന്ദു.എസ്.നായർ	ഡെപ്യൂട്ടി ഡയറക്ടർ	20-07-2023	27-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-07-2023	27-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.കവിതാദേവി.വി, ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസാദ്.പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കിരൺ.കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റോസി ജോഷി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.ഷിബു.എം.കെ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രാധാമണി പി	മെഡിക്കൽ ഓഫീസർ,	01-04-2022	31-03-2023

	ആയുർവേദം		
ശ്രീമതി.സിമി അഹമ്മു	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ശ്രീമതി.ഫാത്തിമ.പി.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി.മേരി ഷൈനി	ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി സ്ക്കൂൾ	01-04-2022	31-03-2023
ശ്രീമതി.ടിന്റു സാറാ	മെഡിക്കൽ ഓഫീസർ,സി.എച്ച്,സി	01-04-2022	31-03-2023
ശ്രീമതി.അമിത.കെ.ജോർജ്ജ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീ.സൂരജ്.കെ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻവേലിക്കര	01-04-2022	03-05-2022
ശ്രീ.പ്രശോഭ്.കെ.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻവേലിക്കര	04-05-2022	29-07-2022
ശ്രീ.രാജേഷ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻവേലിക്കര	30-07-2022	23-08-2022
ശ്രീമതി.അനീഷ.എൻ.എ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻവേലിക്കര	24-08-2022	31-03-2023
ശ്രീമതി.രശ്മി പി.വി	അസി.സെക്രട്ടറി	01-04-2022	19-10-2022
ഒഴിവ്	ഒഴിവ്	20-10-2022	24-10-2022
ശ്രീ.ആന്റണി റോഷൻ	അസി.സെക്രട്ടറി	25-10-2022	31-03-2023
ശ്രീമതി.സുജ ദേവൻ	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	01-04-2022	31-03-2023
ശ്രീമതി.സുൽഫിയത്ത്.എൻ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി.ലൈസ.പി.ആർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-08-2022
ശ്രീമതി.സെലീന	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-09-2022	31-12-2022
ഒഴിവ്	-	01-01-2023	16-01-2023
ശ്രീമതി.ഹരിത സുരേഷ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	17-01-2023	31-03-2023
ഡോ.ഹേന കൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2022	22-09-2022
ഡോ.മെഹ്റു വീരാൻ	വെറ്ററിനറി സർജൻ	23-09-2022	31-03-2023
ശ്രീമതി.സിജി ബാബു	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	01-04-2022	19-07-2022
ഒഴിവ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	20-07-2022	20-07-2022
ശ്രീ.രാജേഷ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	21-07-2022	30-08-2022
ഒഴിവ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	31-08-2022	01-09-2022
ശ്രീമതി.സാന്ദ്ര തോമസ്.കെ.ടി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	02-09-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-4
6	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-5
7	ഷെഡ്യൂളുകളിലെയും അതാതു സംഗ്രഹത്തിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	വസ്തുനികുതി നീക്കിയിരിപ്പ് തുക വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം	1-1-7
9	തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസും, രജിസ്റ്റർ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല	1-1-8
10	ഇ ടെണ്ടർ ഫീസ്-വരുമാന വിവരം അക്കൗണ്ട്സിൽ ചേർത്തിട്ടില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	തനതു വരുമാനം - അവലോകനം	1-11
21	പഞ്ചായത്തിന്റെ ആസ്തികൾ യഥാവിധി ഉപയോഗപ്പെടുത്തുന്നില്ല	1-12
22	തൊഴിൽ നികുതി - അപാകതകൾ	1-13
23	പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക കരാർ കാലാവധി കഴിഞ്ഞ് 2 വർഷമായിട്ടും പുതുക്കി നിശ്ചയിച്ചിട്ടില്ല	1-14
24	വസ്തു നികുതി - റോഡിന്റെ വീതി പരിഗണിച്ച് നിയമാനുസൃത വർദ്ധനവ് നല്കിയില്ല	1-15
25	ഇ-ടെണ്ടർ ഫീസ് കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതുമൂലം പലിശ നഷ്ടം	1-16
26	പിരിച്ചെടുത്ത നികുതികൾ സർക്കാരിലേക്കു അടവാക്കുന്നതിൽ കാലതാമസം	1-17
27	പെയിൻ & പാലിയേറ്റീവ് കെയർ – മരുന്ന് ലഭ്യമായില്ല	1-18
28	ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല	1-19
29	അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല	1-20
30	ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി	1-21
31	മുൻകൂറുകൾ ക്രമീകരിച്ചില്ല	1-22
32	വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണം	1-23
33	മഴക്കാല പൂർവ്വ ശുചീകരണം- ശുചിത്വമിഷനിൽ നിന്നും തുക ലഭിച്ചില്ല	1-24
34	സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു.	1-25
35	തെരുവുവിളക്കുകൾക്കു മീറ്റർ സ്ഥാപിക്കണം	1-26
36	ആശ്രയ ചലഞ്ച് ഫണ്ട് -മുൻകൂർ ക്രമീകരിക്കണം	1-27
37	മരം ലേലം - വിവരം ലഭ്യമല്ല.	1-28
38	വാഹനം പരിപാലനം-അപാകതകൾ	1-29
39	പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം പ്രാദേശിക സർക്കാർ/ക്ഷേമനിധി	1-30

	ബോർഡ് -നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്	
40	റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.	1-31
41	മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ	1-32
42	പഞ്ചായത്ത് ഓഫീസ് നവീകരണം-കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി	1-33
43	വയോജനങ്ങൾക്കു ഡിജിറ്റൽ ലിറ്ററസി-മാർഗരേഖ അനുശാസിക്കുന്നില്ല	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.06.2023 ലെ (1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **30.06.2023-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പുത്തൻവേലിക്കര** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പുത്തൻവേലിക്കര** ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്, എറണാകുളം
തീയതി : 1 0/10/2023 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)54,56,229/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)33,82,265/-യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ യഥാസമയം രേഖപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

1-1-4 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്.

1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല

തൻവർഷം ക്യാപ്പിറ്റൽ എക്സ്പെൻസ് ഇനത്തിൽ ₹13,71,19,868/- ചെലവഴിച്ചിട്ടുണ്ടെങ്കിലും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ₹43,53,219/- മാത്രമാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

1-1-6 ഷെഡ്യൂളുകളിലെയും അതാതു സംഗ്രഹത്തിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 2022-23 ലെ വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

	സംഗ്രഹം പ്രകാരമുള്ള ആകെ തുക (₹)	ബന്ധപ്പെട്ട ഷെഡ്യൂൾ പ്രകാരമുള്ള ആകെ തുക (₹)
ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ തുക	46,98,52,269	15,66,17,423
ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിനിമാനം	50,87,32,890	16,95,77,630
ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ്	53,74,13,199	17,91,37,733
റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിനിവ്	19,82,01,027	3,78,54,581
റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്	16,99,88,599	4,33,10,810

മേൽ അപാകതത ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ILGMS Software തകരാർ മൂലം സംഭവിച്ച പിഴവാണെന്നാണ് അറിയിച്ചത്. ഷെഡ്യൂളുകളിലെ ആകെ തുകയാണ് യഥാർത്ഥത്തിലുള്ളതെന്നും അറിയിച്ചു. അപാകത ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കേണ്ടതാണ്.

1-1-7 വസ്തുനികുതി നീക്കിയിരിപ്പ് തുക വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം

ലഭിക്കാനുള്ള വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള നീക്കിയിരിപ്പു തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

1-1-8 തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസും, രജിസ്റ്റർ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക ₹5,43,073/-ആണ്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ ബാലൻസ് ₹5,42,073/- മാത്രമാണ്. 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയവർക്ക് നൽകാനുള്ള ആലവൻസിൽ ചെലവഴിക്കാൻ കഴിയാതിരുന്ന ₹1000/- ബാങ്ക ബുക്കിൽ ഉള്ളതുകൊണ്ടാണ് ഇപ്രകാരം വ്യത്യാസമുള്ളതെന്നാണ് അറിയിച്ചത്. ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടവാക്കി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

1-1-9 ഇ ടെണ്ടർ ഫീസ്-വരുമാന വിവരം അക്കൗണ്ട്സിൽ ചേർത്തിട്ടില്ല.

ഇ ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട വരുമാനത്തിന്റെ കണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24.03.2022 തിയതിയിലെ (1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.03.2023 തിയതിയിലെ (2) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2022-2023 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

പ്രാരംഭ	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)

ബാക്കി(₹)				
2,67,01,104	32,62,04,044	35,29,05,148	32,44,67,225	2,84,37,923

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും അക്കൗണ്ട്സ് ഡബിൾ എൻട്രിയിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റും അക്കൗണ്ടസും തമ്മിലുള്ള താരതമ്യം അസാധ്യമാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹2,82,12,428/-
വരവ്	₹3,78,54,581/-
ആകെ	₹6,60,67,009/-
ചെലവ്	₹4,33,10,810/-
നീക്കിയിരിപ്പ്	₹2,27,56,199/-

വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി (₹)	സ്റ്റോഴ്സ് ഡിഡക്ഷൻ (₹)	വരവ് (അല്ലോട്ട്മെന്റ്) (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സായ തുക (₹)	നീക്കിയിരിപ്പ് (₹)
വികസനഫണ്ട് - ജനറൽ	0	29,53,410	1,52,26,590	1,81,80,000	1,74,16,265	7,63,735	
വികസനഫണ്ട്-എസ്.സി.പി.	0	11,81,098	57,63,902	69,45,000	64,74,981	4,70,019	
സംരക്ഷണ ഗ്രാന്റ്- റോഡ്	0	0	1,34,62,000	1,34,62,000	1,12,29,084	22,32,916	
സംരക്ഷണ ഗ്രാന്റ്-നോൺറോഡ്	0	0	61,00,000	61,00,000	52,56,943	8,43,057	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-ട്രഷറി	0	0	54,29,769	54,29,769	25,66,274	28,63,495	
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Bank	15,86,415	0	47,42,000	63,28,415	45,66,549	0	17,61,866
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-Bank	23,62,458	0	32,94,798*	56,57,256	51,49,176	0	5,08,080
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-ട്രഷറി	0	0	5,52,639	5,52,639	0	55,52,639	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100125	60,866	0	12,74,112	13,34,978	11,97,043	0	1,37,935
320100160-Life Mission -State Share	7,80,000	0	0	7,80,000	7,80,000	0	0
320100190- Vimukthy	40,763	0	0	40,763	13,410	0	27,353
320100198-Grant From Suchitwa Mission	28,30,042	0	0	28,30,042	7,20,000	0	21,10,042
320100202-Health Grant Towards Diagnostic Infrastructure	0	0	2,09,752	2,09,752	1,03,109	0	1,06,643
320100203-Health Grant Towards Buildingless Sub Centres , PHCs	0	0	1,11,898	1,11,898	0	0	1,11,898

* പലിശ ₹**1,33,798/-** ഉൾപ്പെടെ

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ(₹)	നടപ്പാക്കിയത് (പൂർത്തിയായത്)	പദ്ധതി ചെലവ്(₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
193	17,08,17,686	143	7,26,45,457	37	13	74.09%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	3,866	9,79,919	9,83,785	4,40,712	5,43,073
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത	0	3,46,92,184	3,46,92,184	3,46,92,184	0
ആകെ	3,866	3,56,72,103	3,56,75,969	35132896	5,43,073

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	61,71,200	565
വിധവാപെൻഷൻ	1,32,87,800	1280
വാർദ്ധക്യകാലപെൻഷൻ	2,74,68,800	2900
വികലാംഗപെൻഷൻ	36,33,000	336
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതപെൻഷൻ	11,87,400	116
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	3,00,000	10

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,088/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്നു സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ, ക്ഷേമ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി	റിമാർക്സ്
പെർഫോമൻസ് ഓഡിറ്റ്	20.10.2022	01.06.2022-30.09.2022	ലഭ്യമാക്കിയില്ല	നിലവിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയതായാണ് അറിയിച്ചത്.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	------	വിവരം ലഭ്യമല്ല	-------	----------

1-11 തനതു വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ പറവൂർ ബ്ലോക്കിൽ ആകെ 17 വാർഡുകളിലായി വ്യാപിച്ചാണ് പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതിഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് അഭിനന്ദനാർഹമാണ്. ബാലൻസ് ഷീറ്റ് പ്രകാരം ഏകദേശം 100% വസ്തു നികുതിയും പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അധീനതയിലുള്ള അകത്തുചാൽ മത്സ്യക്കെട്ടിൽ നിന്നും മത്സ്യബന്ധന അവകാശലേലം നടത്തിയ ഇനത്തിലെ മുഴുവൻ തുകയും നടപ്പു സാമ്പത്തിക വർഷം പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്.

സ.ഉ25/2023/തസ്വഭവ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതു പ്രകാരം 15.06.2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും നോട്ടീസ്, പത്ര പരസ്യം എന്നിവ മുഖാന്തരം അറിയിപ്പ് നൽകിയിട്ടുള്ളതിനും ആയതിന് 30 ദിവസത്തിനായി ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ലാത്തതും അന്തിമ വിജ്ഞാപനത്തിനായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട ഉൾപ്പെടുത്തുന്നതുമാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (12/25.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്കയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 15.06.2023 തീയതിയിലെ 2(4) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സേവന ഉപനികുതി പുതുതായി ചേർക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി) ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളുടെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം ₹500/-, ₹1000/-, ₹5000/-, ₹10000/-, ₹15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്ന തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് തിരുമാനമെടുക്കാവുന്നതാണ്. പഞ്ചായത്തിൽ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും നിലവിൽ ₹200/-, 300/-, ₹400/-, ₹500/-, ₹1000/-, ₹2000/-, ₹4000/-, ₹5000/- എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു ഇടയാക്കിയിട്ടുണ്ട്. ഉത്തരവിൽ പരമാവധി ഫീസ് എന്ന നിലയിൽ ആയതിനാലാണ് മുൻ വർഷങ്ങളിൽ ഈടാക്കിയ ഫീസ് തന്നെ തുടർന്നുള്ള

വർഷങ്ങളിൽ ഈടാക്കുന്നത്. പഞ്ചായത്ത് കമ്മിറ്റി ഉത്തരവ് വായിച്ച് നടപ്പിൽ വരുത്താൻ തിരുമാനിച്ചിട്ടുള്ളതിനാലും കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാലും പ്രതിമാവധി ഫീസ് ഈടാക്കുന്നത് പരിശോധിക്കാവുന്നതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

1-12 പഞ്ചായത്തിന്റെ ആസ്തികൾ യഥാവിധി ഉപയോഗപ്പെടുത്തുന്നില്ല

1. 2022-23 സാമ്പത്തികവർഷം തനതുഫണ്ടിൽ നിന്നും കറണ്ട് ചാർജ്, വാട്ടർ ചാർജ്, ക്ലീനിംഗ് ചാർജ് എന്നിവ നല്കിയ സ്ഥാപനങ്ങളിൽ പകൽവീട്, കോഫി ഷോപ്പ് മുതലായവ പ്രവർത്തന യോഗ്യമല്ല എന്ന് അറിയുന്നു. ആയതു പ്രവർത്തന യോഗ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിന്റെ ഇലക്ട്രിഫിക്കേഷനു വേണ്ടി പദ്ധതി രൂപീകരിച്ചുവെങ്കിലും തൽവർഷം നടപ്പാക്കിയിട്ടില്ല. 2017 ൽ പണിപൂർത്തീകരിച്ച കെട്ടിടം ഇലക്ട്രിഫിക്കേഷൻ നടത്തി വാടകയ്ക് നല്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (7/25.07.2023) മറുപടി നൽകിയില്ല.

1)തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും,കരാറുകാർ,റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ / കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന് പരിശോധന സാധ്യമായിട്ടില്ല.

2)താഴെ പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല.

ക്രമനം	സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധ വർഷം	റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം(₹)	ഈടാക്കിയ നികുതി(₹)	ഈടാക്കേണ്ടത്(₹)	കുറവ്(₹)
1	Presentation College Of Applied Science, പുത്തൻവേലിക്കര	നിഖിൽ ജോസ് പി.എക്സ്	I	137816	1000	1250	250
2	താലൂക്ക് ആശുപത്രി, പുത്തൻവേലിക്കര	ലിയ പോൾ	II	68000	450	600	150
		ആൻമരിയ വർഗ്ഗീസ്		68000	450	600	150

പ്രസ്തുത ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)ICLഫിൻകോർപ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ ഒരു മാസത്തെ മാത്രം ശമ്പളം കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിച്ചതിനാൽ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്.

ജീവനക്കാരന്റെ പേര്	സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ തുക (കോളം 9)	സ്റ്റേറ്റ്മെന്റ് പ്രകാരം ഒടുക്കിയ നികുതി	കണക്കാക്കേണ്ടിയിരുന്ന അർദ്ധവാർഷിക വരുമാനം(₹)	ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി	കുറവ്
ഷഫ്ന എ.വൈ	23500	750	23500*6=141000	1250	1250-750 =500
റിഹാന എം.ആർ	20500	600	20500*6=123000	1000	1000-600= 400
സൂരജ് കെ.എസ്	15000	300	15000*6=90000	750	750-300=

					450

മേൽ ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4)പാരാ-മെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാ-മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ലൈസൻസി	ലൈസൻസ് നം	ജീവനക്കാരുടെ എണ്ണം
1	പൾസ് ലബോറട്ടറി	രതീഷ് കെ.എ	12/2022-23	3
2	സ്വസ്ത ആയുർവ്വേദ റിട്രീറ്റ് സെന്ററർ	ദീപൻ വി.എസ്	2/2022-23	6
3	വെളിയത്ത് ഹോമിയോപതി ക്ലിനിക	അരുൺദാസ് വി.എം	11/2022-23	2
4	ഉദയ ക്ലിനിക്കൽ ലാബ്	ശ്യാംമോഹൻ വി.എം	9/2022-23	2
5	എയ്ഞ്ചൽ ലബോറട്ടറി	മഞ്ചു മാർട്ടിൻ	10/2022-23	2
6	പ്രഭുസ് ഹോമിയോ ക്യൂർ ക്ലിനിക്	ഡോ.ദിവ്യ ഷേണായി കെ.ജെ	6/2022-23	1
7	ക്യൂൻ മേരി ഡെന്റൽ ക്ലിനിക	ഡോ.ജേക്കബ് തോമസ്	8/2022-23	3
8	ഓജസ് ആയുർവ്വേദിക്സ്	ഡോ.ശ്രീജ ജിനോ	7/2022-23	1
9	ഡിവൈൻ ഡെന്റൽ ക്ലിനിക	ഡോ.ദേവസ്സി ജോർജ്ജ് സാബു	5/2022-23	3
10	എഎജെഎം ഹോസ്പിറ്റൽ	ഡോ.പോൾ ജെയിംസ്	4/2022-23	7
11	ഡോ.32 മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക	ശരത്ലാൽ എം.ബി	3/2022-23	2
12	ഡോഡോസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ & ഹോമിയോ ക്ലിനിക	ഡോ.ആൽഡ്രസ് ഫ്രാൻസിസ്	13/2022-23	രേഖപ്പെടുത്തിയിട്ടില്ല
13	മോഡേൺ ഡയഗ്നോസ്റ്റിക്സ്	അജിത് ഇ.എസ്	14/2022-23	3
14	ജീവധുര ആയുർ ക്ലിനിക	ഡോ.ദീപ്തി ദിലീപ്	15/2022-23	1

5)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നം	അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം
1	ഗുരുദേവ ഇൻഡസ്ട്രീസ്	10/22-23	6
2	സെന്റ് തോമസ് മെറ്റൽസ്	11/22-23	8
3	തച്ചിൽ കോൺക്രീറ്റ് ബ്രിക്സ്	19/22-23	4
4	ബിജയ് ഇൻഡസ്ട്രീസ്	23/22-23	4
5	മന്ന ഫുഡ്സ്	25/22-23	5
6	ബിഗ് ബനാന ഐലന്റ് റിട്രീറ്റ്	15/22-23	5
7	മൈ മാർക്കറ്റ് കൺസ്യൂമർ സ്റ്റോർ	79/22-23	4
8	ഐശ്വര്യ ഫുവൽസ്	87/22-23	6

9	എ.ആർ പോളിമേഴ്സ്	202/22-23	8
10	ക്രാങ്കനോർ ഹിസ്റ്ററി കഫേ	206/22-23	10
11	ചിത്തിര ഫ്യൂവൽസ്	375/22-23	8
12	മാളിയേക്കൽ എന്റർപ്രൈസസ്	424/22-23	12
13	കുന്നത്തൂർ ബ്രിക്സ് & ടൈൽസ്	425/22-23	6
14	കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യാ ലി.	478/22-23	5

മേൽ സ്ഥാപങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)താഴെ പറയുന്ന സ്ഥാപനങ്ങിലെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് നം./ തീയതി	അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം	റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം	കുറവ്
1	ഡ്യാമിയൻസ് റിട്രീറ്റ്	295/22-23	14	5	9
2	എളന്തിക്കര KUCS Ltd E31(D) Apcos	339/22-23	4	2	2
3	സപ്പൈകോ	402/22-23	4	2	2

7)താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി പത്രികകളിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1	പോസ്റ്റ് ഓഫീസ് പുത്തൻവേലിക്കര	I
2	പോസ്റ്റ് ഓഫീസ്, എളന്തിക്കര	II
3	ICLഫിൻകോർപ് ലിമിറ്റഡ്	II

8)പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ക്രമ നം	കരാറുകാരന്റെ പേര്
1	ബിനു വി.ജി
2	സിജിൽകുമാർ ഇ.ജി
3	സിംനേഷ് എം.എസ്
4	സെബാസ്റ്റിൻ വി.സി
5	സിജു കെ.ആർ

9)2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി ഈടാക്കിയ ശ്രീ ശാരദ വിദ്യാമന്ദിർ എന്ന സ്ഥാപനത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	കാത്തലിക് സിറിയൻ ബാങ്ക്	I
2	പുത്തൻവേലിക്കര ക്ഷീരോൽപ്പാദക സഹകരണ സംഘം	I & II
3	റിലയൻസ് റീട്ടെയിൽ	II
4	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്	I
5	സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	I
6	എളന്തിക്കര വനിത സഹകരണ സംഘം	I
7	ICL ഫിൻകോർപ്	I & II
8	KSEB, പുത്തൻവേലിക്കര	I
9	കേരള ഗ്രാമീൺ ബാങ്ക്	II
10	എളന്തിക്കര KUCS	I & II

11	ന്യൂ ഇന്ത്യ അഷ്വറൻസ് പുത്തൻവേലിക്കര	I & II

1-14 പഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടക കരാർ കാലാവധി കഴിഞ്ഞ് 2 വർഷമായിട്ടും പുതുക്കി നിശ്ചയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് (നം.III/34) തൊഴിൽ നികുതി ₹11400/- പ്രതിമാസ വാടക നിശ്ചയിച്ച് കെ.എസ്.ഇ.ബി, പുത്തൻവേലിക്കര എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 07.09.2018 തീയതി പ്രാബല്യത്തിൽ 3 വർഷത്തേക്ക് (2018 സെപ്തംബർ മുതൽ 2021 സെപ്റ്റംബർ വരെ) കരാർ ചമയ്ക്കുകയും ചെയ്തിരുന്നു. കരാർ കാലാവധി കഴിഞ്ഞതിനാൽ വാടക കരാർ പുതുക്കുന്നതിനു വേണ്ടി അടുത്ത മൂന്നു വർഷത്തേക്ക് ആവശ്യപ്പെടുന്ന വാടക തുക കാണിച്ചുകൊണ്ടുള്ള കത്ത് അയച്ചു നൽകണമെന്നാവശ്യപ്പെട്ട് KSEB 07.12.2021, 19.12.2022, 14.02.2023 തീയതികളിൽ പഞ്ചായത്തിന് കത്ത് നല്കിയിരുന്നു. തുടർന്ന് 22.02.2023 തീയതിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം : 8(1) പ്രകാരം പ്രസ്തുത കെട്ടിടം കെ.എസ്.ഇ.ബി, പുത്തൻവേലിക്കരയ്ക്ക് തന്നെ വാടകയ്ക്ക് നൽകുന്നതിനും 2021 സെപ്തംബർ പ്രാബല്യത്തിൽ 3 വർഷത്തേക്ക് ₹17956/- പ്രതിമാസ വാടക നിരക്കിൽ കരാർ പുതുക്കി നൽകുന്നതിനും അന്നു മുതലുള്ള വാടക കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനും നിശ്ചയിച്ചതായി കാണുന്നു. നിലവിൽ KSEB യുമായി പുതിയ വാടക കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതും പ്രതിമാസം ഈടാക്കുന്ന വാടക വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 21/26.07.2023 നൽകി.

KSEB-ക്ക് നല്കിയ റെന്റ് കാൽക്കുലേഷനിൽ ഭൂമിയുടെ വില ആറിന് ₹6,64,125/- ആണ് കാണിച്ചിരിക്കുന്നതെന്നും ഇത് 22.09.2018 ൽ പുത്തൻവേലിക്കര വില്ലേജ് ഓഫീസർ 3.22 ആറിന് മൊത്തത്തിൽ രേഖപ്പെടുത്തിയ വിലയാണെന്നും ആയത് പ്രകാരം ഒരു ആറിന് ₹2,06,250/- മാത്രമേ വരികയുള്ളു. GO(Rt)നം.269/2016/PWD തീയതി: 05.02.2016 പ്രകാരം കെട്ടിടത്തിന്റെ വാടക കണക്കാക്കുന്നതിന് കെട്ടിടത്തിന്റെ കവറേജ് 6% ഉം ഭൂമിയുടെ കവറേജ് 4% ഉം ആണെന്നും KSEBL ലെ നിയമമനുസരിച്ച് കരാർ കാലാവധിയായ 3 വർഷത്തിനു ശേഷം നിലവിലുള്ള മാസവാടകയുടെ 15% വർദ്ധനവ് മാത്രമേ അടുത്ത 3 മൂന്നു വർഷത്തേക്ക് അനുവദിച്ചു നൽകുവാൻ സാധിക്കുകയുള്ളു. ആയതിനാൽ വാടക നിശ്ചയിച്ചിട്ടുള്ളത് പരിശോധിച്ച് കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, ഇരിങ്ങാലക്കുട 03.06.2023 തീയതിയിൽ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചിട്ടുള്ളത് പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വാടക കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്രകാരമാണ് ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയത്.

2021 സെപ്തംബറിൽ കരാർ കാലാവധി തീർന്നതിനാൽ 07.12.2021, 19.12.2022, 14.02.2023 തീയതികളിൽ, പുതുക്കിയ വാടക തുക അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് KSEB കത്ത് നല്കിയിട്ടും സമയബന്ധിതമായി കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെയിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വസ്തു നികുതി - റോഡിന്റെ വീതി പരിഗണിച്ച് നിയമാനുസൃത വർദ്ധനവ് നല്കിയില്ല

1) ജോസ്, മാളിയേക്കൽ വീട്, എളന്തിക്കര എന്നയാൾക്ക് 17.12.2021 തീയതിയിലെ റഗുലറൈസേഷൻ നമ്പർ A1-BA(5115)/2022 പ്രകാരം 6-ാം വാർഡിൽ റീസർവ്വേ നമ്പർ 1130/1-431, 1130/1326, 1130/1325 ൽ പെട്ട സ്ഥലത്ത് നിലവിലുള്ള വാണിജ്യകെട്ടിടത്തിൽ (6/72,73,74,71A,71B) പണിത പുതിയ നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിനും അധികം നിർമ്മാണം നടത്തുന്നതിനും അനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട സമുച്ചയത്തിലേക്ക് 12 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ 6/71 A, 6/71 B എന്നീ നമ്പർ കെട്ടിട ഭാഗങ്ങളുടെ നികുതി നിർണ്ണയത്തിൽ 1.5 മീറ്ററോ അതിൽ കൂടുതലോ മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തുകയും ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്താതെ നികുതി നിർണ്ണയിച്ചു. കൂടാതെ ഒരേ കെട്ടിടത്തിന്റെ ഭാഗമായ മേൽ റൂമുകളിൽ 6/71A-യ്ക്ക് 30 വർഷത്തെ കാലപ്പഴക്കവും 6/71B -ക്ക് 1 വർഷത്തെ കാലപ്പഴക്കവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 6/71A-യ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 20% ഇളവും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
I) 6/71 A

	നിർണ്ണയിച്ചിട്ടുള്ളത് @ 30/ച.മീ	നിർണ്ണയിക്കേണ്ടിയിരുന്നത് @30/ച.മീ	കുറവ്
അടിസ്ഥാന വസ്തുനികുതി	31 * 30= 930	31 * 30= 930	1172-782=390
ഇളവ്(കാലപ്പഴക്കം)20%	930*20%=186	ഇളവില്ല	
വർദ്ധനവ്(വഴി സൗകര്യം)20%	(ഇളവോ വർദ്ധനവോ ഇല്ല)	930*20%=186	
അടിസ്ഥാന വാർഷിക വസ്തുനികുതി	930-186= 744	930+186=1116	
ലൈബ്രറി സെസ്സ്	744*5% = 38	1116*5% =56	
ആകെ നികുതി (2022-23 വരെ)	744+38=782	1116+56=1172	

Ii) 6/71 B

	നിർണ്ണയിച്ചിട്ടുള്ളത് @ 30/ച.മീ	നിർണ്ണയിക്കേണ്ടിയിരുന്നത് @30/ച.മീ	കുറവ്
അടിസ്ഥാന വസ്തുനികുതി	51 * 30= 1530	51 * 30= 1530	1928-1607=321
വർദ്ധനവ്(വഴി സൗകര്യം)20%	(ഇളവോ വർദ്ധനവോ ഇല്ല)	1530*20%=306	
അടിസ്ഥാന വാർഷിക വസ്തുനികുതി	1530	1530+306=1836	
ലൈബ്രറി സെസ്സ്	1530*5% = 77	1836*5% =92	
ആകെ നികുതി (2022-23 വരെ)	1530+77=1607	1836+92=1928	

2) മേൽ Regularisation പ്ലാൻ പ്രകാരം അതേ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ (Existing Building) നമ്പർ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണവുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയയിൽ മാറ്റം വരുത്തേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഫയൽ നം/ വിശദാംശങ്ങൾ	നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ/ ഉപയോഗക്രമം	പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (പ്ലാൻ പ്രകാരം)	സഞ്ചയ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം	വ്യത്യാസം
ഫയൽ നമ്പർ A1-7596/21 തീയതി: 16.12.2021 കെട്ടിട ഉടമ –ജോസ്, മാളിയേക്കൽ വീട്, എളന്തിക്കര Regularisation No: A1-BA(5115)/2022 തീയതി: 17.12.2021 സർവ്വേ നം : 248/1/3/11/2,248/1/3/11/3	6/71 C പാർപ്പിടം	40.89ച.മീ	31ച.മീ	9.89ച.മീ

1-16 ഇ-ടെണ്ടർ ഫീസ് കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതുമൂലം പലിശ നഷ്ടം

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പുത്തൻവേലിക്കര ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 37133791724) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹91,291/- നീക്കിയിരുപ്പുള്ളതായി കണ്ടു. ജൂലൈ 2023 വരെ നടത്തിയ ടെണ്ടറുകളിൽ നിന്നും ലഭിച്ച തുകയടക്കം ₹1,05,731/-നീക്കിയിരിപ്പുണ്ട്. 14.07.2023 ൽ ₹91,291 പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക യഥാസമയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ നീക്കിയിരിപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം

നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ മാത്രമെ നടത്താവൂ എന്നിരിക്കെ അതിന് വിരുദ്ധമായി താഴെ പറയുന്ന ചെലവുകളും നടന്നിട്ടുണ്ട്.

തീയതി	പിൻവലിച്ച തുക
19/10/22	₹ 4130
06/11/22	₹ 590
12/03/23	₹649

ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം ഇ ടെണ്ടറിനായി തുടങ്ങിയ അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 20/26.07.2023) ഫണ്ട് കൈമാറ്റം ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലാണ് സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം അതുവരെയുള്ള തുക ഒരുമിച്ച് ട്രാൻസ്ഫർ ചെയ്തതെന്നും, അക്കൗണ്ടിൽ മിനിമം ബാലൻസ് ഇല്ലാത്ത സമയങ്ങളിൽ ഈടാക്കിയ ബാങ്ക് ചാർജ്ജസ് ആണ് ചെലവായി വന്നിട്ടുള്ളതെന്നും അറിയിച്ചു. ബാങ്ക് ചാർജ്ജസ് തിരികെ ലഭ്യമാക്കാൻ അപേക്ഷ നൽകിയെങ്കിലും തീരുമാനമായിട്ടില്ലെന്നാണ് അറിയിച്ചത്. ടെണ്ടർഫീസായി അക്കൗണ്ടിൽ വരുന്ന തുകയിൽ മിനിമം ബാലൻസ് നിലനിർത്തി ബാക്കി തുക യഥാസമയം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി പലിശ നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 പിരിച്ചടുത്ത നികുതികൾ സർക്കാരിലേക്കു അടവാക്കുന്നതിൽ കാലതാമസം

ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന അക്കൗണ്ട് ഹെഡുകളിൽ വലിയ തുക നീക്കിയിരിപ്പുള്ളതായി കാണുന്നു.

ക്രമ നം	അക്കൗണ്ട് ഹെഡ്	നീക്കിയിരിപ്പ്
1	350200204-National Pension Scheme	1,34,717
2	350300103- Value Added Tax	1,21,267
3	350300104-Service Tax	2,23,604
4	350400999- Refund Of Unutilised Grants-Prior Period	57,115

ക്രമ നം. 2, 3 എന്നിവയിലെ നികുതികൾ ഇപ്പോൾ നിലവിലില്ലാത്തതാണ്. PRAN ലഭ്യമാവാത്തതിനാലാണ് NPS വിഹിതം അടക്കാതിരുന്നതെങ്കിൽ നടപടി ത്വരിതപ്പെടുത്തി തുക അടവാക്കേണ്ടതാണ് സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും അടവാക്കാനുള്ള തുകകൾ യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 പെയിൻ & പാലിയേറ്റീവ് കെയർ – മരുന്ന് ലഭ്യമായില്ല

പ്രോജക്ടിന്റെ നം, പേര്	80/23, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ
അടങ്കൽ / ഫണ്ട്	1)6,00,000 / വികസനഫണ്ട് - ജനറൽ 2)1,00,000 /തനത് ഫണ്ട് 3)4,00,000/ബ്ലോക്ക് വിഹിതം ആകെ - ₹11,00,000
ചെലവ് തുക	1)4,86,088 (വികസനഫണ്ട് - ജനറൽ) 2)99369 (തനത് ഫണ്ട്) 3)187686(ബ്ലോക്ക് വിഹിതം) ആകെ - ₹773143
ബിൽ നം/തിയതി-തുക	22110352014200731005 / 05.11.2022 – ₹82669/-
നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി

പെയിൻ & പാലിയേറ്റീവ് പദ്ധതിക്കായി ആകെ ₹773143/- തൻവർഷം ചെലവുണ്ട്. ഇതിൽ മേൽ ബില്ല് പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയെങ്കിലും

മരുന്ന് ലഭ്യമായതായി കണ്ടില്ല. പ്രഫോർമ ഇൻവോയ്സ് നം.PRF 1788/20.10.2022 പ്രകാരം ₹ 82669/- ആണ് KMSCL ന് കൈമാറിയത്. ടി മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായോ എന്ന് ആരാഞ്ഞ്നൽകിയ എൻകയറി നം.8/24.07.2023 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക ₹82669/- തടസ്സപ്പെടുത്തുന്നു.

1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ടിന്റെ നം, പേര്	39/23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
ഫണ്ട്	സംരക്ഷണ ഗ്രാന്റ് - റോഡിതരം
അടങ്കൽ തുക	2,00,000
ചെലവ് തുക	2,00,000
ബിൽ നം/തിയതി-തുക	221103520075007730 13/07.12.2022 - ₹2,00,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , ഹോമിയോ

30.11.2022 ലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുത്തൻവേലിക്കര ഹോമിയോ ഡിസ്പെൻസറിയിൽ ആവശ്യത്തിനുള്ള മരുന്ന് വാങ്ങുന്നതിന് ഹോംകോയുമായി 31.01.2023 ന് മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിരുന്നു. മേൽ ബിൽ പ്രകാരം 2 ലക്ഷം രൂപ ഹോംകോയുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (പ്രഫോർമ ഇൻവോയ്സ് നം.PF-811/15.11.2022). എന്നാൽ ടി തുകക്കുള്ള മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ എൻകയറിക്ക് (നം.5/21.07.2023) മറുപടി ലഭിച്ചത്. മരുന്നുകൾ പൂർണ്ണമായി ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതു വരെ ചെലവ് തുക 2 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.

1-20 അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 30 അംഗൻവാടികളിൽ 4 എണ്ണം വാടക കെട്ടിടത്തിലും 26 എണ്ണം സ്വന്തമായുള്ള കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല.

ക്രമ നം	അംഗൻവാടി നം.	സ്ഥലം	വാർഡ് നം	റിമാർക്സ്
1	25	Karot Fas	12	ഇലക്ട്രിക് ലൈൻ ക്ലിയറൻസ് ലഭിക്കാത്തതിനാൽ അൺഫിറ്റ്
2	26	അഞ്ചുമാവ്	5	Sheet Roofing, False Ceiling Not Done Hence Unfit
3	37	തോണ്ടൽപ്പാലം	12	ഇലക്ട്രിക് ലൈൻ ക്ലിയറൻസ് ലഭിക്കാത്തതിനാൽ അൺഫിറ്റ്
4	138	തുരുത്തിപ്പുറം കടവ്	15	ഇലക്ട്രിക് ലൈൻ ക്ലിയറൻസ് ലഭിക്കാത്തതിനാൽ അൺഫിറ്റ്

കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 21.06.2019 ലെ CRMP4231/14 നമ്പർ ഉത്തരവ് പ്രകാരം അംഗനവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. മേൽ അംഗൻവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകയറി നം.9/24.07.2023 ന് ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്ന് ലഭിച്ച മറുപടി ഇപ്രകാരമാണ്. 26-ാം നമ്പർ അംഗൻവാടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആയതിന് ഫിറ്റ്നസ് ലഭിക്കുന്നതിനായി സീലിംഗ് പ്രവർത്തികൾ പൂത്തീകരിച്ചിട്ടുള്ളതുമാണെന്നാണ്. 25-ാം നമ്പർ അംഗൻവാടിയുടെ കെട്ടിടത്തിന് അടുത്ത് നിന്നും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും ഇലക്ട്രിക് ക്ലിയറൻസ് ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.ടി 2 അംഗൻവാടികളുടെയും ഫിറ്റനസ്

പുന:പരിശോധിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. 37,138 എന്നീ നമ്പർ അംഗൻവാടികൾക്ക് ഇലക്ട്രിക് ക്ലിയറൻസ് ലഭ്യമായിട്ടില്ല. മേൽ 4 അംഗൻവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്ടിന്റെ നം, പേര്	193/23, തരിശ് വയലിൽ നെൽകൃഷി
ഫണ്ട്	വികസന ഫണ്ട് - ജനറൽ
അടങ്കൽ	1,40,000/-
ചെലവ്	1,40,000/-
ബിൽ നം/തിയതി	22110352008001352849/15.03.2023
നിർവ്വഹണോദ്യോഗസ്ഥ	കൃഷി ഓഫീസർ

തരിശ് നിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിലേക്ക് ഹെക്ടറിന് ₹35,000/- പാട്ടകർഷകനും ₹5000/- സ്ഥല ഉടമക്കും ലഭ്യമാക്കുന്ന മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	തുക
1	പി.വി.രാജു	33600
2	ഡേവിസ് പനക്കൽ	14000
3	ബിന്ദു രാജു	21000
4	സെലിൻ ജോസഫ്	16800
5	ദേവസ്സി .പി.ഡി	12600
6	ലിസ്സി വർഗ്ഗീസ്	42000
	ആകെ	140000

എന്നാൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ അതിൽ ഉൾപ്പെട്ട ബിന്ദു രാജു എന്ന വ്യക്തിക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. മേൽ പട്ടികയിലെ ബാക്കി 5 പേരും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

മേൽ അപാകതക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ എൻകുയറിക്ക് (നം.24/27.07.2023) നിർവഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർ തരിശ് കൃഷി ചെയ്യാത്തവർ ആയതുകൊണ്ട് ലിസ്റ്റിൽ ഉൾപ്പെടാത്തവരെ തെരഞ്ഞെടുക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നുമാണ്. ടി ലിസ്റ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മാത്രമല്ല, പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന ഗുണഭോക്തൃലിസ്റ്റിന് അതാത് ഗ്രാമസഭകളുടെ സാധൂകരണം കൂടി വാങ്ങേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ കൃഷി ചെയ്തതിന്റെ ഫോട്ടോ കൂടി ഫയലിൽ സൂക്ഷിക്കാവുന്നതാണ്.

1-22 മുൻകൂറുകൾ ക്രമീകരിച്ചില്ല

2022-23 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന അക്കൗണ്ട് ഹെഡുകളിൽ വലിയ തുക നീക്കിയിരിപ്പുള്ളതായി കണ്ടു.

ക്രമ നം	അക്കൗണ്ട് ഹെഡ്	തുക കൈപ്പറ്റിയ സ്ഥാപനം	നീക്കിയിരിപ്പ്
1	460500201	വാട്ടർ അതോറിറ്റി	53,00,561
2	460500202	കെ.എസ്.ഇ.ബി	94,52,708
3	460500403	ഹാബിറ്റാറ്റ് ടെക്നോളജി	31,61,060
4	460500499	അക്രഡിറ്റഡ് ഏജൻസി	2,81,037
5	460509901	Advance To Others	2,53,861
6	460100199	Other Advances	1,73,993

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി നൽകിയിരുന്നു (നം 2/21.07.2023).

1. ക്രമ നം 3-ഹാബിറ്റാറ്റ് ടെക്നോളജി, 4-അക്രഡിറ്റഡ് ഏജൻസി എന്നിവർക്ക് മുൻവർഷങ്ങളിൽ നൽകിയ തുകയാണ്. ഇവ ഏത് വർഷം നൽകിയതാണെന്നും എന്ത് ആവശ്യത്തിലേക്കാണെന്നും അറിയിക്കേണ്ടതാണ്.

2. ക്രമ നം 5. 6 എന്നിവ പ്രകാരം നൽകിയ മുൻകൂറുകളുടെ വിശദാംശങ്ങൾലഭ്യമാക്കേണ്ടതാണ്.

3. തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി നൽകിയതിൽ ബാക്കി നിൽക്കുന്ന ₹17,26,609/- നിലവിൽ

ക്രമീകരിച്ചിട്ടുണ്ടോ ?

എന്നാൽ ഓഡിറ്റ് എൻട്രിക്ക് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കി മുൻകൂറുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണം

പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് വൻതുകയാണ് പ്രതിവർഷം വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നത്. ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കംചെയ്യുന്നതു സംബന്ധിച്ച് കമ്മിറ്റി 5.4.2022, 30.6.2022 എന്നിങ്ങനെ വിവിധ തീയതികളിൽ തീരുമാനം എടുത്തുവെങ്കിലും വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ ഒരു സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല. ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 മഴക്കാല പൂർവ്വ ശുചീകരണം- ശുചിത്വമിഷനിൽ നിന്നും തുക ലഭിച്ചില്ല

വൗച്ചർ നം : 22200135

ചെക്ക് നം, തീയതി : 100137/13.5.2022 തുക: ₹ 2,55,000/-

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് 17വാർഡുകളിലേയ്ക്കും ₹15,000/- വീതം ₹2,55,000/- മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2022-23 വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹85,000/- തനതുഫണ്ടും ശുചിത്വമിഷൻ വിഹിതമായി ലഭിക്കേണ്ട ₹1,70,000/- യും ഉൾപ്പെടുന്നു. ശുചിത്വമിഷനിൽ നിന്നും ഈ തുക ഓഡിറ്റ് തീയതിയിലും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം.7 തീ 25.07.2023) മറുപടിയായി ശുചിത്വമിഷൻ വിഹിതം ലഭിക്കുന്നതനുസരിച്ച് മുൻകൂർ ക്രമീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

ആകെയുള്ള 17 വാർഡുകളിൽ 1, 14, 15, 16, 17 വാർഡുകൾ ഒഴികെയുള്ള 12 വാർഡുകൾ രേഖകൾ ഹാജരാക്കി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 5 വാർഡുകളിൽ 5000ൽ കുറഞ്ഞ തുകയ്ക് ബോർഡ് ചെയ്യിച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ ആയതുപ്രകാരം ചെയ്ത ബോർഡുകൾ എത്രയെന്നോ എവിടെയെല്ലാം സ്ഥാപിച്ചുവെന്നോ ഉള്ള തെളിവുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല പ്രസ്തുത പ്രവൃത്തിക്ക് കൂട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. കൂടുതൽ വാർഡുകളിൽചെയ്യണമെന്നിരിക്കെ കൂട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി ഏല്പിച്ചു നല്കാമായിരുന്നു.

2. ഫയൽ പരിശോധിച്ചതിൽ 5 വാർഡുകളിൽ 5000 ൽ കുറഞ്ഞ തുകയ്ക് നെറ്റു വാങ്ങിയതായി കാണുന്നു. ആയതിനും കൂട്ടേഷൻ ക്ഷണിച്ചിട്ടില്ല. കൂടുതൽ വാർഡുകളിൽ ചെയ്യണമെന്നിരിക്കെ കൂട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി ഏല്പിച്ചു നല്കാമായിരുന്നു.

3. വാർഡ് 12 ൽ ₹14,750/- മാത്രമേ ഉപയോഗിച്ചിട്ടുള്ളു. വാർഡുതല ശുചിത്വസമിതിയ്ക്കു നല്കിയ തുകയിൽ ബാക്കിയുള്ള ₹250/- പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത 5 വാർഡുകൾക്കു നല്കിയ തുക 5x15000/- - ₹75,000/- തടസത്തിൽ വയ്ക്കുന്നു.

1-25 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തികവർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ, താഴെ കാണിച്ചിരിക്കുന്നവയ്ക്ക് ചെലവഴിച്ച തുകകൾ നേരെ കാണിച്ചിരിക്കുന്ന കാരണങ്ങൾ കൊണ്ട് തടസപ്പെടുത്തുന്നു.

	ക്രമ നം/ പ്രോജക്ട് നം	ചെലവിനം	തുക	ബിൽ നംപർ/ തീയതി	റിമാർക്സ്
1	153/23	ഐ.കെ.എം.ന് വർഗ്ഗിസംഖ്യ നല്കിയത്	82825	24/17.3.23	വിനിയോഗ സാക്ഷ്യപത്രം ഇല്ല
2	210/23	ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	21327	1001165/4.3.23	വിനിയോഗ സാക്ഷ്യപത്രം ഇല്ല
3	8/23	ജനകീയഹോട്ടലിനു വാട്ടർ കണക്ഷൻ എടുക്കുന്നതിനു വാട്ടർ അതോറിറ്റിക്ക് തുക നല്കിയത്	160000	9/30.05.2022	വിനിയോഗ സാക്ഷ്യപത്രം ഇല്ല

4	75/23	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	103498	313/10.03.2023	വിനിയോഗ സാക്ഷ്യ പത്രം ഇല്ല
			97843	314/10.03.2023	
			98538	315/11.03.2023	
			104538	327/15.03.2023	
			98113	328/15.03.2023	
			100192	359/15.03.2023	
			97545	360/18.03.2023	
			97869	317/13.03.2023	
		ആകെ	10,62,288		

1-26 തെരുവുവിളക്കുകൾക്കു മീററർ സ്ഥാപിക്കണം

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് 06.05.2022 ലെ കമ്മിറ്റിയിൽ കെ.എസ്.ഇ.ബി.യുമായി ചേർന്നു തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിനു തീരുമാനിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. ആയത് നടപ്പിലാക്കേണ്ടതും തെരുവുവിളക്കുകൾക്കു മീററർ സ്ഥാപിക്കേണ്ടതുമാണ്.

1-27 ആശ്രയ ചലഞ്ച് ഫണ്ട് -മുൻകൂർ ക്രമീകരിക്കണം

കുടുംബശ്രീ സിഡിഎസ് വിതരണം ചെയ്ത പോഷകാഹാര കിററിന് ആശ്രയ ചലഞ്ച് ഫണ്ട് ഇല്ലാത്തതിനാൽ പഞ്ചായത്ത് തനത് ഫണ്ട് മുൻകൂറായി ₹1,05,801/- 24.11.22ലെ 100512 നമ്പർ ചെക്കുപ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ചലഞ്ച് ഫണ്ട് കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാക്കി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

1-28 മരം ലേലം - വിവരം ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷം മരം മുറിക്കുന്നതിനായി തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

തീയതി	തുക
11.4.22	1500
30.5.22	5000
11.8.22	6000
14.9.22	1750
12.10.22	5000
11.1.23	1500
ആകെ	₹20750/-

എന്നാൽ മരം ലേലം ചെയ്തവകയിൽ ₹827/- മാത്രമേ വരവുള്ളു. മരം ലേലം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ എന്ന വിവരത്തിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 22/26.07.2023) മറുപടി ലഭിച്ചില്ല. ഓഡിറ്റ് നിർദ്ദേശത്തിന് മരം ലേലം ചെയ്തിട്ടില്ലായെങ്കിൽ ആയത് അടിയന്തിരമായ ലേലം നടത്തി വരവുതുക തനതുഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 വാഹനം പരിപാലനം-അപാകതകൾ

പഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണികൾക്കായി ₹8,213/- ചെക്ക് നമ്പർ 100052/11.4.22 പ്രകാരവും ₹29,510/- ചെക്ക് നമ്പർ 100925/29.12.22 പ്രകാരവും ₹30,627/-ചെക്ക് നമ്പർ100789/15.11.22 പ്രകാരവും ററി.വി.എസ് മൊബിലിററി പ്രൈവററ് ലിമിററഡ് എന്ന സ്ഥാപനത്തിനു അനുവദിച്ചിട്ടുള്ളതാണ്. നിയമാനുസൃത കട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. മാത്രമല്ല വാഹനത്തിനു 2022-23 സാമ്പത്തിക വർഷം ഫ്യുവൽ കൺസംപ്ഷൻ ടെസ്ററ് നടത്തിയതായി കാണുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 32/26.07.2023) മറുപടി ലഭിച്ചില്ല. ഓഡിറ്റ് നിർദ്ദേശം - സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സർക്കാർ അംഗീകൃത വർക്ക്ഷോപ്പ് നടത്താത്തപക്ഷം നിയമാനുസൃത കട്ടേഷൻ വിളിച്ചുമാത്രം നടത്തേണ്ടതാണ്. കൃത്യമായ ഇന്ധനക്ഷമതേടെ നടത്തേണ്ടതും ഇന്ധനഅധികചെലവ് തടയേണ്ടതുമാണ്.

1-30 പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് -നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പുത്തൻവേലിക്കര പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ മരണവിവരം അതത് പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് -നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/27.07.2023)മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം.	പേര്	പെൻഷൻ ഐഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	നിലവിലെ സ്റ്റാറ്റസ്	പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം			അധികം നൽകിയ തുക
							കാല യളവ്	തുക	ആകെ	
1	മേരി	2213559355	ക്ഷേമനിധി ബോർഡ് പെൻഷൻ	19.06.2022	ആക്ടീവ്	Kerala Bamboo Kattuvalli And Pandanus Leaf Workers Welfare Fund Board	ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല			
2	ലോനൻകുട്ടി	2080055601	ക്ഷേമനിധി ബോർഡ് പെൻഷൻ	22.07.2022	ആക്ടീവ്	KERALA DAIRY FARMERS WELFARE FUND BOARD, തിരുവനന്തപുരം	ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല			
3	തോമൻകുട്ടി	107030201481	വാർദ്ധക്യകാല പെൻഷൻ	02.12.2022	ആക്ടീവ്	കുന്നുകര ഗ്രാമ പഞ്ചായത്ത്	01/23 – 4/23	600	2400	2400
		2220130533	ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers)			Agricultural Office Kunnukara	01/23 – 4/23	1600	6400	6400
4	വർക്കി എം.കെആക്ടീവ്	2080055151	ക്ഷേമനിധി ബോർഡ് പെൻഷൻ	21.12.2022	ആക്ടീവ്	KERALA DAIRY FARMERS WELFARE FUND BOARD, തിരുവനന്തപുരം	ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല			
5	ഏല്യ	2220131660	ക്ഷേമനിധി ബോർഡ് പെൻഷൻ, Karshaka Pension For Small And Marginal Farmers	29.10.2022	ആക്ടീവ്	Agricultural Office Puthenvelikkara	11/22 – 4/23	1600	9600	9600

ബാങ്കുകൾ വഴി അക്കൗണ്ടിലേയ്ക്ക് നേരിട്ട് പെൻഷൻ ലഭിക്കുന്നതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുവാൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളില്ല. ഇതൊഴിവാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന., തീയതി: 02.08.2021 പ്രകാരമുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുൻപായി അറിയിക്കേണ്ടതാണ്.

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതാണ്.

3) പ്രാദേശിക സർക്കാർ പരിധിക്കുള്ളിൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ(എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.

4) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു കാരണം സർക്കാരിനു

സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും മേൽ പരാമർശിച്ച സർക്കുലറിൽ നിർദ്ദേശിക്കുന്നു. ആയതിനാൽ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ മരണപ്പെട്ട വിവരം അതാതു പഞ്ചായത്തുകൾ /ക്ഷേമനിധി ബോർഡിനെ അറിയിക്കുന്നതിനും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികളുണ്ടെങ്കിൽ അക്കാര്യം പ്രസ്തുത പ്രാദേശിക സർക്കാരിൽ അറിയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ, പേര്	S 20/23, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ
കരാറുകാരൻ	രേവതി സന്തോഷ്
അടങ്കൽ	51,000/-
ചെലവ്	19,980/- (വൗച്ചർ നം -22200903/20.12.2022-തനതു ഫണ്ട്)

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് ₹3000/- വീതം ആകെ 17 വാർഡിന് ₹51,000/- അടങ്കലിൽ പദ്ധതി തയ്യാറാക്കിയിരുന്നു. പ്രവൃത്തി ഏറ്റെടുത്ത ശ്രീമതി രേവതി സന്തോഷിന് തൻവർഷം ₹19,980/- നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചെങ്കിൽ വിവരം അറിയിക്കേണ്ടതും അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം 29/27.07.2023) ആദ്യഘട്ട പരിശോധന മാത്രമാണ് നടന്നിട്ടുള്ളതെന്നും, രണ്ടാംഘട്ടത്തിനുള്ള Excel Sheet KSREC (Kerala State Remote Sensing And Environmental Centre) ൽ നിന്നും ലഭിക്കുന്ന മുറക്ക് നടത്തുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2022-23വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ട പൊതുവായ ന്യൂനതകൾ താഴെ ചേർക്കുന്നു.

(1) പ്രോജക്റ്റിൽ സൂചിപ്പിച്ചിട്ടുള്ള റോഡുകളുടെ പേര് ആസ്തി രജിസ്റ്ററിലെ പേരിൽ നിന്നും വ്യത്യാസമുള്ളതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ തന്നെയാണോ മെയിന്റനൻസ് നടത്തിയതെന്ന് പരിശോധിക്കാനാവുന്നില്ല. ആസ്തി രജിസ്റ്ററിലെ പേര് തന്നെ ചേർത്ത് പ്രോജക്റ്റ് രൂപീകരിക്കേണ്ടതാണ്.

2) പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, ലക്ഷ്യം പദ്ധതി ചെലവ്, റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കുന്നത് പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും മേൽപ്പറഞ്ഞവിധമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി ചെയ്തത് നേരിൽ പോയി പരിശോധിക്കാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നതിന് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

3) കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തിയുടെ കാലാവധി നീട്ടേണ്ടി വരുന്ന സംഗതിയിൽ ആയതിന് സ്വീകരിച്ച നടപടികളുടെ രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കാലാവധി നീട്ടുമ്പോൾ ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

1-33 പഞ്ചായത്ത് ഓഫീസ് നവീകരണം-കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി

പ്രോജക്ട് നം, പേര്	157/23, പഞ്ചായത്ത് ഓഫീസ് നവീകരണം
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പദ്ധതി അടങ്കൽ	₹ 13,25,000/- (വികസന ഫണ്ട്- ₹4,00,000/-, തനതുഫണ്ട്-₹9,25,000/-)
കരാറുകാരൻ	ശ്രീ. ബിനു വി ജി
കരാർ ഉടമ്പടി നം.,	56/AE/LSGD/PVK/22-23/ തീയതി.16.03.2023. (ഐറ്റം നിരക്കിൽ കോട്ട് ചെയ്ത തുക- ₹12,34,948/-) + 18 % GST.
എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം.	ഇ-എം ബുക്ക്. (പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- പാർട്ട് ബിൽ നല്കി)
ചെലവ് വിവരം	₹3,14,995/- (ബിൽ നം 462/30.03.2023)

പഞ്ചായത്ത്, ഓഫീസ്, കുടുംബശ്രീ ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവിടങ്ങളിൽ നവീകരണപ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഐറ്റം നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത ശ്രീ.ബിനു വി.ജി. യുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഭാഗികമായി ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി ചെയ്ത കുടുംബശ്രീ ഓഫീസിൽ ടൈൽ വിരിക്കൽ എന്ന ഇനത്തിന് താരതമ്യേന ഉയർന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള (1000mm X 1000mm Size Vitrified Tile)നിരക്കാണ് നൽകിയിരുന്നത്. ഇതേ പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ടൈൽ വിരിക്കലിന് കണക്കാക്കിയ ഇനത്തേക്കാൾ വളരെ ഉയർന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. സൈറ്റ് പരിശോധനയിൽ കുടുംബശ്രീ ഓഫീസിൽ വിരിച്ചത് 600mm X600mm Size Tile ആണെന്ന് കണ്ടു. ഈയിനത്തിന് കരാറുകാരൻ കോട്ട് ചെയ്ത നിരക്ക് പ്രകാരം ചെലവ് കണക്കാക്കിയാൽ താഴെ കാണും വിധം ₹31,574/-അധികം നൽകിയതായി കാണുന്നു.

Item No	Description Of Work	Quantity Executed	Accepted Rate	Admissible Rate	Amount Paid	Admissible Amount	Excess Paid
2.002	11.41.4 Providing And Laying Vitrified Floor Tile...Size Of The Tile 1000mmX1000mm	18.585	3235.76	1942.74 (As Per Item No 1.008)	60136.6	36105.82	24031
2.003	11.47.4 Providing And Laying Vitrified Floor Tile...Size Of The Tile 1000mmX1000mm (For Skirting)	1.77	3541.59	2001.37 (As Per Item No 1.009)	6268.61	3542.42	2726
	Total						26757+ 18 % GST=31,574/-

പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 25/27.07.2023) മറുപടിയായി അധികം നൽകിയ തുകയായ ₹31,574/- തിരികെ ഈടാക്കി രസീത് ഹാജരാക്കിയിട്ടുണ്ട് (1230201246/G71301 Dated 27.07.2023).

ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് നൽകി എസ്റ്റിമേറ്റ് നൽകിയത് ശരിയായ നടപടിയല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകത ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹണവേളയിലും, അളവെടുത്തപ്പോഴും എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമാണോ പ്രസ്തുത ഇനം ചെയ്തതെന്ന് ഉറപ്പു വരുത്താതെ തുക അനുവദിച്ചതും വീഴ്ചയാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 വയോജനങ്ങൾക്കു ഡിജിറ്റൽ ലിറ്ററസി-മാർഗരേഖ അനുശാസിക്കുന്നില്ല

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി നൽകുന്നതിനുള്ള 181/23 നമ്പർ പ്രോജക്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി
നമ്പർ	181/23
ഫണ്ടിനം	വികസനഫണ്ട്
അടങ്കൽ	40000/-
ചെലവ്	24000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ബിൽ നമ്പർ	343/16.03.2023

പ്രസ്തുത പ്രോജക്ട് പ്രകാരം 30 വയോജനങ്ങളായ പഠിതാക്കൾക്ക് കംപ്യൂട്ടർ പരിജ്ഞാന നൽകുന്നതിനായി 24000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തൊഴിര പരിശീലനത്തിന്റെ ഭാഗമായി മാത്രമേ ഇത്തരത്തിൽ കംപ്യൂട്ടർ പരിശീലനം നൽകാവുള്ളൂ എന്നതിനാൽ കോഴ്സ് ഫീ ഇനത്തിൽ ചെലവഴിച്ച 24000/-രൂപ തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	17,22,000	77/23-ലൈഫ് ഭവന പദ്ധതി-ജനറൽ	17,22,000	0
	2022-23	9,04,000	78/23-ലൈഫ് ഭവന പദ്ധതി-എസ്.സി.	9,04,000	**0**
	2022-23	50,000	1/23-അംഗൻവാടി പോഷകാഹാരം	50,000	0
	2022-23	1,87,686	80/23-പാലിയേറ്റീവ് കെയർ	1,87,686	**0**
	2022-23	1,75,000	110/23-ക്ഷീരകർഷകർക്ക് സബ്സിഡി	1,75,000	**0**
	2022-23	4,80,000	12/23-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	4,80,000	0
	2022-23	37,319	222/23-അതിദരിദ്രർക്ക് മരുന്ന്	37,319	0
	ആകെ	**35,56,005**		**35,56,005**	**0**
ജില്ലാപഞ്ചായത്ത്	2022-23	25,000	144/23-പോത്ത് വളർത്തൽ	25,000	**0**
	2022-23	1,60,000	12/23-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	1,60,000	0
	2022-23	4,00,000	150/23-നെൽക്കൃഷി പ്രോൽസാഹനം	4,00,000	**0**
	2022-23	3,75,000	110/23-ക്ഷീരകർഷകർക്ക് സബ്സിഡി	3,75,000	0
	2022-23	17,00,000	78/23-ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി)	17,00,000	0
	2022-23	1,82,710	134/23-തുരുത്തൂർ കല്ലേപ്പുറം റോഡ് പുനരുദ്ധാരണം	1,82,710	0
	2022-23	4,73,882	131/23-തുരുത്തിപ്പുറം ബേക്കറി റോഡ് പുനരുദ്ധാരണം	4,73,882	0

	2022-23	8,66,854	103/23-വഴലകം ചെത്തേപ്പടി വാഴവളപ്പ് റോഡ് പുനരുദ്ധാരണം	8,66,854	0
	2022-23	10,00,000	132/23-ഗോതമ്പ് റോഡ് പുനരുദ്ധാരണം	10,00,000	0
	2022-23	2,94,000	236/23- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,94,000	0
	ആകെ	**54,77,446**		**54,77,446**	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാലൻസ് തുക
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.75/23-CFC-Basic Grant)	313/10.03.23-103498/- 314/10.03.23-97843/- 315/10.03.23-98538/- 317/13.03.23-97869/- 327/15.03.23-104538/- 328/15.03.23-98113/- 359/18.03.23-100192/- 360/18.03.23-97545/- 798136/-	7,98,136/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	7,98,136/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു .

വായ്പയുടെ പേര് / ഉദ്ദേശ്യം	ഉത്തരവ് നം., തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക
					മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ് ഭവന പദ്ധതി)	സ.ഉ (സ്വ്ധാ.) 124/18 , ത.സ്വ.ഭ.വ, 11.09.2018	1,77,60,000	1,36,76, 001	0	28,20,508	0	1,08,55,493

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറയ്ക്കുന്നത്.

4-6 സ്ഥിരനിക്ഷേപം

സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	42,74,544
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	3,05,426
ആകെ	45,79,970
തന്നാണ്ടിൽ പിൻവലിച്ച തുക (ബാങ്ക് ചാർജ്ജസ്)	260
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	45,79,710

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	പുതുക്കി നിക്ഷേപിച്ച തിയ്യതി, എഫ്.ഡി.നമ്പർ	കാലയളവ്	തുക

1	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2022/56132	12 മാസം	5,00,000
2	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2022/56133	12 മാസം	5,00,000
3	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2022/56134	12 മാസം	5,00,000
4	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2022/56135	12 മാസം	5,78,170
5	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2022/56131	12 മാസം	165331
6	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	12.04.2022/56171	12 മാസം	2,07,844
7	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	16.04.2022/56187	12 മാസം	2,11,479
8	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2023/58737	12 മാസം	5,97,316
9	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2023/58738	12 മാസം	1,60,839
10	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2023/58739	12 മാസം	1,74,262
11	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2023/58740	12 മാസം	2,96,460
12	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2023/58741	12 മാസം	6,88,009
ആകെ				45,79,710

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹ 3,78,54,581
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹ 4,33,10,810

വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക	₹14,43,957

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	82,669	ഡോ.ടിന്റു സാറാ, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി
1-19	2,00,000	ഡോ.സിമി അഹമ്മു,മെഡിക്കൽ ഓഫീസർ, ഹോമിയോ
1-24	75,000	ശ്രീ.ഷിബു എം.കെ, സെക്രട്ടറി
1-25	10,62,288	ശ്രീ.ഷിബു എം.കെ, സെക്രട്ടറി
1-34	24,000	ശ്രീ.ഷിബു എം.കെ, സെക്രട്ടറി
ആകെ	14,43,957	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും,ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഷിബു എം.കെ, സെക്രട്ടറി	സെക്രട്ടറി, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്	മംഗലപ്പറമ്പിൽ മനക്കപ്പടി, കരുമാല്ലൂർപി.ഒ
ഡോ.ടിന്റു സാറാ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	മെഡിക്കൽ ഓഫീസർ,ടി.എച്ച്.സി കുന്നുകര	ബി12, ബ്ലൂഹില്ലോക്ക്, സ്നേഹാലയം റോഡ്, ചൂണ്ടി, ആലുവ-683101
ഡോ.സിമി അഹമ്മു, മെഡിക്കൽ ഓഫീസർ ഹോമിയോ	മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി , നോർത്ത് കുത്തിയതോട്, പുത്തൻവേലിക്കര– 683594	പേൾ വാലി, പുലിക്കുട്ടി മഠം റോഡ്, ചെട്ടിപ്പറമ്പ്, ഇരിങ്ങാലക്കുട – 680121

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1996-97	എൽ.എഫ്.ഇ (പി3)14/05 തീയതി.05.02.2005	
1997-98ചെലവ്	എൽ.എഫ്.ഇ (പി3)88/05 തീയതി.07.05.2005	

1997-98	എൽ.എഫ്.ഇ (പി3)2085/05 തീയതി.04.03.2009	
1998-99ചെലവ്	എൽ.എഫ്.ഇ (പി3)2085/05 തീയതി.04.03.2009	
1998-99 വരവ്	എൽ.എഫ്.ഇ (പി3)1079/06 തീയതി.06.08.2007	
1999-00വരവ്	എൽ.എഫ്.ഇ (പി3)1080/06 തീയതി16.07.2007	
2000-01ചെലവ്	എൽ.എഫ്.ഇ (പി5)122/05 തീയതി.19.08.2005	
2001-02ചെലവ്	എൽ.എഫ്.ഇ (പി3)137/05 തീയതി.19.08.2005	
2006-07	എൽ.എഫ്.ഇ (പി10)856/12 തീയതി.25.06.06/ 10.07.12	
2007-08	എൽ.എഫ്.ഇ (പി10)857/12 തീയതി.25.06.06/ 10.07.12	
2008-09	എൽ.എഫ്.ഇ (പി10)858/12 തീയതി.25.06.06/ 10.07.12	
2009-10	എൽ.എഫ്.ഇ (പി10)859/12 തീയതി.26.06.06/ 10.07.12	
2010-11	എൽ.എഫ്.ഇ (പി10)860/12 തീയതി.26.06.06/ 10.07.12	
2011-12	എൽ.എഫ്.ഇ (പി3)979/14 തീയതി.28.08.14/ 10.10.14	
2012-13	എൽ.എഫ്.ഇ (പി3)979/14 തീയതി.28.08.14/ 10.10.14	
2013-14&14-15	എൽ.എഫ്.ഇ (പി11)390/16 തീയതി.11.08.16	
2015-16	എൽ.എഫ്.ഇ (പി11)2119/16 തീയതി.15.12.16	
2016-17	കെ.എസ്.എ-ഇ.കെ.എം (പി11)1857/17 തീയതി.17.11.17	
2017-18	കെ.എസ്.എ-ഇ.കെ.എം (പി11)302/19 തീയതി.22.03.19	
2018-19	കെ.എസ്.എ-ഇ.കെ.എം (പി11)129/2020 തീയതി.16.03.2020	
2019-20	കെ.എസ്.എ-ഇ.കെ.എം (പി11)123/2022 തീയതി 23.06.2022	
2020-21	കെ.എസ്.എ-ഇ.കെ.എം (പി11)124/2022 തീയതി 23.06.2022	
2021-22	കെ.എസ്.എ-ഇ.കെ.എം (പി11)298/2023 തീയതി 17.04.2023	

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puthenvelikara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Puthenvelikara Grama Panchayat for the year 2022-2023

Date: 10/10/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Puthenvelikara Grama Panchayat for the Year 2022-2023.

1.Major Observations

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of *Notes on Accounts* in Financial statements and non disclosure of material facts.

2.Other Observations

1. Mandatory financial statements such as Ratios and Notes on Accounts prescribed in Accounting Rules were not submitted for audit.

2.Discrepancy in the Cash flow statement of Grama Panchayath for the F.Y 2022-23 as amount recorded in *Net increase/ decrease in cash and cash equivalents*(Rs.(-)54,56,229.00) does not match with the *Net Cash Generated By Operating+Investing+Financing Activity* which is recoderd as Rs.(-)33,82,265.00/- Both figures should be equal as per the approved accounting standards.

3.Asset register has not been updated including the details of newly created assetes.

4.Gross surplus of income over expenditure is found wrongly calculated.The amount brought forward to Balance sheet is also wrong.

5.The total amount brought forward to capital contribution is not in line with the capital expenses incurred.

6.Grand Total shown in the abstracts of Balance sheet, Income & expenditure statement, Receipt & Payment statement differs with that in the concerned schedules.

7.Property Tax Demand Collection Balance in the Annual Financial Statement is not in tally with the D.C.B in Sanchaya Statements.

8.The closing balance as per the NREGS bank book is Rs.5,43,073/-. But as per the corresponding ledger in the liability side, it is recorded as Rs.5,42,073/- in schedule B-4 of the AFS. A difference of Rs.1,000/- is found.

9.The balance amount kept in the SBI E-tender fees account of the Assistant Engineer, LSGD Engineering wing is not taken into

account while preparing the AFS for 2022-23.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്